അച്ചൻകോവിൽ ദേവസ്വത്തിൽ നടപ്പാതയിലും നാലമ്പലത്തിനു പുറത്തും അകത്തും കൂടുതൽ ലൈറ്റുകൾ ഇടുന്നതുൾപ്പെടെയുള്ള ഇലക്ട്രിക് അറ്റകുറ്റപ്പണികൾ ചെയ്തു. നിലവിലുള്ള കേടായ പൈപ്പുകൾ മാറ്റി. വാട്ടർ സപ്ലൈ പണികൾ ചെയ്തിട്ടുണ്ട്. ക്ഷേത്ര സമുച്ചയത്തിന്റെ വാർഷിക മെയിന്റനൻസ് ചെയ്തു. ചുക്കുവെള്ളം വിതരണം സുഗമമാക്കുകയും ശുചീകരണം കാര്യക്ഷമമാക്കുകയും ചെയ്തു.

ദേവസ്വം ബോർഡ് സി.ബി.എസ്.ഇ. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

247 (2005) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾ എത്രയെന്നും അവ എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ :

(ബി) പ്രസ്തുത സ്കൂളുകളുടെ പഠനനിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്താൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നത് വെളിപ്പെടുത്തുമോ :

(സി) ഓരോ സ്കൂളിലെയും കുട്ടികളുടെ എണ്ണം എത്രയെന്നും ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകൾക്കാണ് ലഭിച്ചിട്ടുള്ളത് : അഫിലിയേഷൻ താൽക്കാലികമാണോ സ്ഥിരമാണോ എന്നത് വ്യക്തമാക്കുമോ :

(ഇ) അഫിലിയേഷൻ ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടി ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നത് വെളിപ്പെടുത്തുമോ :

(എഫ്) ഏതെങ്കിലും സി.ബി.എസ്.ഇ. സ്കൂളുകളിൽ നിലവിലുള്ള ദേവസ്വം ബോർഡ് പ്രസിഡന്റോ അംഗങ്ങളോ സന്ദർശനം നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകൾ എന്ന് വ്യക്തമാക്കുമോ ;

(ജി) ദേവസ്വം നിയന്ത്രണത്തിലുള്ള സി.ബി.എസ്.ഇ. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഗൗരവമായ ഇടപെടൽ നടത്തുമോ ?

ഉത്തരം

(എ) ചക്കുവള്ളി, കടയ്ക്കൽ, വെട്ടിക്കവല, വർക്കല എന്നീ സ്ഥലങ്ങളിലായി 4 സിബി.എസ്.ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചക്കുവള്ളി സ്കൂളിൽ പുതിയ കെട്ടിടം പണിതു വെട്ടിക്കവല സ്കൂളിൽ അറ്റകുറ്റപ്പണികൾ നടത്തി പഴയ കൊട്ടാരം ക്ലാസ് മുറിയാക്കി. കടയ്ക്കൽ സ്കൂളിലും അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തി. പഠന നിലവാരം മെച്ചപ്പെടുത്താൻ ബോർഡ് ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കുട്ടികളുടെ എണ്ണം - ക്ലാസ് (1-10 വരെ)

ചക്കുവള്ളി	-	593			
കടയ്ക്കൽ	-	528			
വെട്ടിക്കവല	-	444			
വർക്കല	-	130			
ജീവനക്കാർ :					
ചക്കുവള്ളി					
സ്ഥിരം	-	20	താത്ക്കാലികം	-	24
കടയ്ക്കൽ					
സ്ഥിരം	-	18	താത്ക്കാലികം	-	21
വെട്ടിക്കവല					
സ്ഥിരം	-	15	താത്ക്കാലികം	-	18
വർക്കല					
സ്ഥിരം	-	4	താത്ക്കാലികം	-	6

(ഡി) ചക്കുവള്ളി, കടയ്ക്കൽ, വെട്ടിക്കവല സ്കൂളുകൾക്ക് താത്ക്കാലിക അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. വർക്കല സ്കൂളിൽ Std. IV വരെ മാത്രമേ ക്ലാസ്സുകൾ നടത്തുന്നുള്ളു.

(ഇ) ബാധകമല്ല.

(എഫ്) വെട്ടിക്കവല സ്കൂളിൽ പ്രസിഡന്റും അംഗങ്ങളും സന്ദർശനം നടത്തിയിട്ടുണ്ട്.

(ജി) ഇക്കാര്യത്തിൽ ദേവസ്വം ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly